

ഫോട്ടോ: ജെ. സുരേഷ്

# മമ്മൂട്ടിയുടെ വീട്

## ബെന്നി കുര്യാക്കോസ്


കേരളത്തിലെ ആധുനിക വാസ്തുവിദ്യയുടെ മുഖ്യശില്പിയായ ലാറി ബേക്കറുടെകൂടെയാണ് ബെന്നി ഡിസൈനർ ജീവിതം ആരംഭിച്ചത്. കേരളത്തിൽ പ്രശസ്തരായ നിരവധി വ്യക്തികളുടെ വീടുകൾ വ്യത്യസ്തമായി രൂപകൽപന ചെയ്ത് ശ്രദ്ധേയനായി. ചെന്നൈയിൽ പ്രശസ്ത ചലച്ചിത്രനടൻ മമ്മൂട്ടിയുടെ വീട് രൂപകൽപന ചെയ്തു. ശിൽപപരമായ സൗന്ദര്യവും നൂതനസൗകര്യങ്ങളും ഒത്തുചേർന്നതാണ് ബെന്നിയുടെ ശൈലി. ലത്തൂരിൽ ഭൂകമ്പ ബാധിത പ്രദേശത്ത് മലയാള മനോരമ നിർമ്മിച്ചുനൽകിയ ഗ്രാമവും വീടുകളുടെ സമുച്ചയവും രൂപകൽപന ചെയ്തതു ബെന്നിയാണ്.

പ്രമുഖ ഡിസൈനർ മാസികയായ ഇൻസൈഡ് ഔട്ട്സൈഡ് നൽകുന്ന 'ആർക്കിടെക്റ്റ് ഓഫ് ദി ഇയർ' പുരസ്ക്കാരം ഇക്കുറി ലഭിച്ചത് ബെന്നിക്കാണ്. ബെന്നി മദ്രാസിൽ ഡിസൈൻ ചെയ്ത വീക്കെൻഡ് ഹോമിനാണ് അവാർഡ് ലഭിച്ചത്.



സ്വന്തം വീട്ടിൽ തനിക്കും കുടുംബാംഗങ്ങൾക്കും വേണ്ടത്ര സ്വകാര്യത വേണമെന്ന് പ്രശസ്തചലച്ചിത്ര നടൻ മമ്മൂട്ടി ആഗ്രഹിച്ചു. അതോടൊപ്പം വീടിന് പ്രകൃതിയോട് ഇണക്കമുണ്ടാവണം. തന്നെ കാണാൻ വരുന്നവർക്ക് സ്വസ്ഥമായിരുന്ന് സംസാരിക്കാനുള്ള സൗകര്യവും വേണം. ഇക്കാര്യങ്ങൾ മനസ്സിൽവച്ചാണ് മമ്മൂട്ടിയുടെ ചെന്നൈയിലുള്ള വീട് രൂപകല്പനചെയ്തത്.

ഒരു ദിവസം പ്രഭാതത്തിലാണ് സംവി




ധായകൻ ശ്യാമപ്രസാദിന്റെ ടെലിഫോൺ സന്ദേശം എന്നെ തേടിയെത്തിയത്. ''മമ്മൂട്ടി അഞ്ചു മിനിറ്റിനുള്ളിൽ താങ്കളെ വിളിക്കും. അദ്ദേഹം വീടു പണിയാൻ പോകുന്നു'' - ശ്യാമപ്രസാദ് പറഞ്ഞു. രണ്ടോ മൂന്നോ വർഷം മുൻപ് ശ്യാമിന്റെ വീടു പണിതത് ഞാനാണ്. 1992 ഫെബ്രുവരിയിലായിരുന്നു അതിന്റെ നിർമാണം. അക്കാലത്ത് ഞാൻ തിരുവനന്തപുരത്തായിരുന്നു താമസം.

മമ്മൂട്ടി അഞ്ചു മിനിറ്റിനു ശേഷം വിളിക്കുകയും തന്റെ ചെന്നൈയിലെ വീടിനെക്കുറിച്ചു പറയുകയും ചെയ്തു. അടുത്ത ദിവസം ചെന്നൈയിലേക്ക് ചെല്ലാൻ എന്നെ അദ്ദേഹം ക്ഷണിച്ചു. തിരക്കഥാകൃത്തും സംവിധായകനുമായ രഞ്ജിത്തിൽനിന്നാണ് മമ്മൂട്ടി എന്നെക്കുറിച്ചു കേൾക്കുന്നത്. ശ്യാമപ്രസാദിനു വേണ്ടി ഞാൻ ഡിസൈൻ ചെയ്ത വീടു കണ്ട രഞ്ജിത് എന്നെക്കുറിച്ചു മമ്മൂട്ടിയോടു പറയുകയായിരുന്നു. ആ സമയത്ത് 'ജോണി വാക്കർ' എന്ന ചിത്രത്തിന്റെ ഷൂട്ടിങ് നടക്കുകയാണ്. രഞ്ജിത്താണ് തിരക്കഥ എഴുതുന്നത്.

അടുത്ത ദിവസത്തെ വിമാനത്തിൽ ഞാൻ മദ്രാസിലെത്തി. രഞ്ജിത് എന്നെ സ്വീകരിക്കാൻ വിമാനത്താവളത്തിലെത്തിയിരുന്നു. അവിടെനിന്ന് ഷൂട്ടിങ് സ്ഥലത്തേക്കാണു പോയത്. ഞാൻ നിശബ്ദനായിരിക്കുകയായിരുന്നു. കാരണം ഞാനാദ്യമായാണ് ഒരു ചലച്ചിത്ര താരത്തിനു വേണ്ടി വീട് പണിയുന്നത്. ഷൂട്ടിങ് നടക്കുന്നതിനിടയിലെ ഇടവേളകളിൽ മമ്മൂട്ടി എന്നോടു സംസാരിക്കും. അദ്ദേഹം എങ്ങനെ പ്രതികരിക്കുമെന്നറിയാത്തതിനാൽ ഞാൻ ഏറെ സംസാരിച്ചില്ല. വീടു പണിയാനുള്ള സ്ഥലം








കാണണമെന്നു മാത്രം ഞാൻ പറഞ്ഞു.

ഉച്ചഭക്ഷണത്തിനു ശേഷം ഞങ്ങൾ സ്ഥലം കാണാൻ പുറപ്പെട്ടു. ''ഞാൻ രണ്ടു പ്ലോട്ടുകൾ വാങ്ങി. പക്ഷേ ഒന്ന് മറ്റേതിനു പുറകിലായാണ്. അതുകൊണ്ട് സ്ഥലം അൽപം ഇടുങ്ങിയതാണ്'' മമ്മൂട്ടി പറഞ്ഞു. വീടിനെക്കുറിച്ചു മാത്രമായി പിന്നീടെന്റെ ചിന്ത. മമ്മൂട്ടിയുടെ ആവശ്യങ്ങൾ ഇത്ര മാത്രമായിരുന്നു. ''പ്രകൃതിദത്ത വസ്തുക്കൾ കൊണ്ടു നിർമിച്ച വീടായിരിക്കണം. കോൺക്രീറ്റ് അധികമുണ്ടാകരുത്. വലിയ സ്ഫടികപ്പാളികളും ഒഴിവാക്കണം. മാർബിൾ ഉപയോഗിക്കരുത്. സാധാരണ രീതിയിലുള്ള വീടല്ല വേണ്ടത്. 'മമ്മൂട്ടി മനോഹരമായ വീടുവച്ചു' എന്ന് ആൾക്കാർ പറയണം. 'മമ്മൂട്ടി ഏറെ പണം മുടക്കി ജീവിക്കാൻ കൊള്ളാത്ത വീടുവച്ചു' എന്ന് ആരും പറയരുത്. വീട് എനിക്കു വിശ്രമസ്ഥലമാണ്. എന്റെ സ്വകാര്യതയാണത്. അവിടേക്ക് അധികമാൾക്കാരെ ഞാൻ കൊണ്ടു പോകാറില്ല''.

ഞാൻ കുറച്ചു ചോദ്യങ്ങൾ ചോദിച്ചു. ''സുലുവിന് ഏറെ ആശയങ്ങളുണ്ട്. അക്കാര്യത്തിൽ എന്നെക്കാൾ മിടുക്കി അവളാണ്. നമുക്ക് വീട്ടിൽ പോയി കാര്യങ്ങൾ ചർച്ച ചെയ്യാം'' മമ്മൂട്ടി പറഞ്ഞു. ഷൂട്ടിങ് അവസാനിച്ചശേഷം രാത്രി പത്തരയോടെ ഞങ്ങൾ മമ്മൂട്ടിയുടെ വീട്ടിലെത്തി. ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ ചർച്ച ചെയ്യാനിരുന്നു.

വീടിന് ആവശ്യമുള്ള ഘടകങ്ങളെക്കുറിച്ച് ഞാൻ അദ്ദേഹത്തോട് അന്വേഷിച്ചു. ''നാല് കിടപ്പറകൾ മതി. മാസ്റ്റർ ബെഡ്റൂം, മകന് ഒരു മുറി, ഒന്നു മകൾക്ക്, പിന്നൊന്ന് എന്നോടൊപ്പം താമസിക്കാനെത്തുന്ന എന്റെ അച്ഛനമ്മമാർക്ക്. എനിക്കു കുറേ ഇലക്ട്രോണിക് ഉപകരണങ്ങളുണ്ട്, ഒരു പ്രൊജക്ഷൻ തിയറ്റർ അടക്കം. അതെല്ലാം ഉൾക്കൊള്ളിക്കാൻ സ്ഥലമുള്ള വീടാകണം''.

''വീടിന് ഒരു മലയാളിത്തം വേണം. കേരളീയ വീടുകളുടെ ലാളിത്യം എനിക്ക് ഏറെ ഇഷ്ടമാണ്. പ്രകൃതിദത്തമായ വസ്തുക്കൾ ഉപയോഗിച്ചാൽ മതി. കൃത്രിമപ്പ



ണികളൊന്നും അതിലുണ്ടാകരുത്. നടുമുറ്റം എനിക്കിഷ്ടമാണ്. പക്ഷേ സ്ഥലം ഇടുങ്ങിയതായതിനാൽ അതെത്ര മാത്രം നടപ്പാകും എന്നറിയില്ല".

## ഡിസൈൻ ധാരണകൾ

സ്ഥലം തെക്ക് അഭിമുഖമായാണ്. കേരളത്തിൽ തെക്കിനഭിമുഖമായി വീടുകൾ പണിയില്ല. പൂമുഖം എപ്പോഴും കിഴക്കോട്ട് അഭിമുഖമായിരിക്കും. ഒരു തളമുണ്ടാക്കാൻ തീരുമാനിച്ചു. അവിടെ നിന്നാണ് സന്ദർശകർ ഓഫിസ് റൂമിലേക്കും സന്ദർശകമുറിയിലേക്കും പോവുക. പൂമുഖവാതിലിന്റെ ഏതെങ്കിലുമൊരു വശത്തായി നിലംമുട്ടുന്ന വലിയ ജാലകങ്ങൾ തീരുമാനിക്കപ്പെട്ടു. പുറത്തെ വാതിൽ തുറന്നാൽ പോലും അകത്തുള്ളത് ആർക്കും പുറമെ നിന്നു കാണാൻ കഴിയില്ല. പുറത്ത് ആരാണ് വന്നിരിക്കുന്നതെന്ന് വാതിൽ തുറക്കും മുൻപ് അകത്തുനിൽക്കുന്നയാൾക്ക് കാണാൻ കഴിയണം. വന്നിരിക്കുന്നവർ സുഹൃത്തുക്കളാണെങ്കിൽ ഉറക്കെ വിളിച്ചുകൊണ്ട് സന്തോഷത്തോടെ കൈകൾ വീശി അവരെ സ്വാഗതം ചെയ്യാം.

വഴിയരികിൽനിന്ന് വീട്ടിലേക്കുള്ള വഴി ഇങ്ങനെ ഒരുക്കാം:

- പരമ്പരാഗത കേരളീയ രീതിയിൽ പ്രവേശന കവാടം പണിയുക.

- വീട്ടിലേക്കുള്ള വഴിയുടെ ആകൃതി തന്നെ മാറ്റാം.

പുറത്തുനിന്നുള്ള വഴി കൂടുതൽ മനോഹരമാക്കാൻ വഴിയുടെ ഓരത്ത് ഒരു മാവ് വച്ചു പിടിപ്പിച്ചു.

കെട്ടിടത്തിന്റെ അകത്തളങ്ങൾ വിശാലമായിരുന്നു. കെട്ടിടത്തിന്റെ ആകൃതി വീടിനുള്ളിലെ വ്യത്യസ്ത സ്ഥലങ്ങൾക്കിടയിൽ അകൽച്ച കൂട്ടുന്ന രീതിയിലായിരുന്നു. അതിനാൽ ഒരോ പ്രത്യേക സ്ഥലങ്ങളിലും ആൾക്കാർക്ക് ധാരാളം സ്വകാര്യത ലഭിക്കും. പ്രധാന കിടപ്പുമുറിയും കുട്ടികളുടെ മുറികളും രണ്ട് അറ്റങ്ങളിലായി രൂപകൽപ്പന ചെയ്തു. 'ഫാമിലി റൂം' അവയ്ക്കിടയിലാക്കിയപ്പോൾ സ്വകാര്യത കൂടി.

ഓഫിസിൽനിന്ന് ഒന്നാം നിലയിലെ തിയറ്റർ മുറിയിലേക്ക് ഒരു ഇടുങ്ങിയ സ്റ്റെയർകേസ് പണിതു. സംവിധായകർക്കോ നിർമാതാക്കൾക്കോ ഏതെങ്കിലും സിനിമ വലിയ സ്ക്രീനിൽ കാണണമെന്നുണ്ടെങ്കിൽ വീട്ടിലെ മറ്റംഗങ്ങളുടെ സ്വകാര്യതയ്ക്കു വിഘ്നം വരുത്താതെ തന്നെ തിയറ്റർ റൂമിലേക്കു പോകാൻ കഴിയും. ഈ സ്റ്റെയർ കേസ് അത്ര സൗകര്യമില്ലാത്തതും കുത്തനെയുള്ളതുമാണ്. കാരണം ഈ വഴി സ്ഥിരമായി ഉപയോഗിക്കാനുള്ളതല്ല. പ്രധാന സ്റ്റെയർകേസ് കൂടുതൽ സൗകര്യമുള്ളതാണ്.

പിന്നെ സ്വീകരണമുറിയെപ്പറ്റിയായി സംസാരം. സാധാരണ സോഫകൾ മുറിയിൽ വേണ്ടെന്ന് അവർ പറഞ്ഞു. സോഫയുടെ തരത്തിനനുസരിച്ചാണ് മുറിയുടെ വലിപ്പം നിശ്ചയിക്കുക. ഒരാൾ സ്വീകരണമുറിയിൽ എത്ര നേരം ഇരിക്കുമെന്നു നിശ്ചയിക്കുന്നതും സോഫകളാണ്. സ്വീകരണമുറിക്ക് ഔപചാരികസ്പർശമുണ്ടാകണമെന്നും സന്ദർശകർ വരുമ്പോൾ മാത്രമെ മുറി ഉപയോഗിക്കാവൂ എന്നും നിശ്ചയിക്കപ്പെട്ടു.

മുൻവശത്തെ സിറ്റ്ഔട്ട് അസാധാരണമായ ആകൃതിയിലാണ് ആസൂത്രണം ചെയ്തത്. അവിടെയിടുന്ന 'പ്ലാന്റേഴ്സ് ചെയറി'ന് കൂടുതൽ സ്വകാര്യത നൽകാനാണത്. മമ്മൂട്ടി എല്ലായ്പോഴും അവിടെയാണിരിക്കാറ്. സുഹൃത്തുക്കളും ചലച്ചിത്ര പ്രവർത്തകരുമായി ചർച്ചകൾ നടത്തുന്നതും അവിടെ വച്ചാണ്. ഓഫിസ് മുറിയും സ്വീകരണമുറിയും വളരെ അപൂർവമായേ ഉപയോഗിക്കാറുള്ളൂ.

മമ്മൂട്ടി നഗരത്തിലുള്ളപ്പോൾ അദ്ദേഹത്തെ കാണാൻ ധാരാളം ആൾക്കാർ എത്തും. കാണാനെത്തുന്നവരും സന്ദർശിക്കാനെത്തുന്നവരും ഉണ്ടാകും. അത് മറ്റു കുടുംബാംഗങ്ങളുടെ സ്വകാര്യത നശിപ്പിക്കരുതെന്ന് തീരുമാനിച്ചു. അതുപോലെ തന്നെ മുൻ ഭാഗത്തെ പൂന്തോട്ടം ഔപചാരികമായ രീതിയിൽ ആസൂത്രണം ചെയ്തു. അത് 'ഉപയോഗിക്കുക' എന്നതിനെക്കാൾ 'കാണുക' എന്നതായിരുന്നു പ്രധാനം. പുറത്തെ വഴിയിൽനിന്ന് വീട്ടിലേക്കു വരുന്ന സ്ഥലത്താണ് പൂന്തോട്ടം നിർമിക്കുക. വീടിന്റെ വശത്തായി മറ്റൊരു പൂന്തോട്ടം ഉണ്ടാക്കി. അതിൽ ഒരു ഊഞ്ഞാലും (സുലുച്ചേച്ചിയുടെ പുരാവസ്തു ശേഖരത്തിൽനിന്നെടുത്തത്) സ്ഥാപിച്ചു. വശത്തുള്ള പൂന്തോട്ടമാണ് കുടുംബാംഗങ്ങളുപയോഗിക്കുക. പൂന്തോട്ടത്തിന്റെ വശത്ത് താഴത്തെ നിലയിലും ഒന്നാം നിലയിലും വിശാലമായ സിറ്റ്ഔട്ടുകൾ പണിതു. ഈ പൂന്തോട്ടം ഒറ്റപ്പെട്ടതല്ല; മുൻവശത്തെ പൂന്തോട്ടവുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

വരാന്തകൾ പൂന്തോട്ടത്തെ അർഥവത്താക്കി. രണ്ടോ മൂന്നോ പേർക്ക് കാലുകൾ നീട്ടിവച്ച് ഇരിക്കാനും ചെറിയൊരു മേശയിട്ട് അതിൽ ഗ്ലാസുകളും കപ്പുകളും പത്രങ്ങളുമായി അവർക്കിരിക്കാനും വരാന്തയിൽ സ്ഥലമുണ്ടാകും. കൃത്രിമ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ വീടിനും പ്രകൃതിദത്തമായ ഭൂമിക്കുമിടയിൽ നിൽക്കുന്നവയാണ് ഈ സ്ഥലങ്ങൾ. അതിനുപയോഗിക്കുന്ന വസ്തുക്കളും ഇവയ്ക്കിടയിൽ നിൽക്കുന്നവയാകണം. മൃദുവായ ടെറാകോട്ട ടൈൽസാണ് ഇതിനനുയോജ്യം.

കിടപ്പറകളും ഓഫിസ്മുറിയും ഒഴിച്ചുള്ള മുറികളെല്ലാം തുറന്നവയും വലിയ വാതിലുകളാൽ പരസ്പരം ബന്ധിപ്പിക്കപ്പെട്ടവയുമായിരുന്നു. ഒത്തുചേരലുകളിൽ തടസ്സങ്ങളില്ലാതെ ഇടപഴകാനും കൂടിച്ചേരലിന്റെ ഒരു നിമിഷത്തിൽനിന്ന് മറ്റൊന്നിലേക്ക് അനായാസം കടക്കാനും ഈ സംവിധാനം സഹായകമാണ്.

അടുക്കളയിലിരുന്ന് ഭക്ഷണം കഴിക്കാനുള്ള സംവിധാനമുണ്ട്. ആദ്യം ആസൂത്രണം ചെയ്തപ്പോൾ അങ്ങനെയൊരു പദ്ധതി ഇല്ലായിരുന്നു. അടുക്കള പൂന്തോട്ടത്തിന് അഭിമുഖമായി വേണമെന്നത് സുലുച്ചേച്ചിയുടെ ആശയമാണ്. കാരണം അവർക്കു കൂടുതൽ സമയം അടുക്കളയിൽ ചെലവഴിക്കേണ്ടി വരും. അടുക്കള പൂന്തോട്ടത്തോടു ചേർന്നായപ്പോൾ ഊണുമുറി അൽപ്പം അകലെയായി. അതിനാൽ അടുക്കളയിലിരുന്ന് ഭക്ഷണം കഴിക്കാവുന്ന രീതിയിൽ സൗകര്യമുണ്ടാക്കാൻ നിശ്ചയിച്ചു. വർക്ക് ഏരിയയിൽ പാചകം ചെയ്യാവുന്ന രീതിയിൽ പുനരാസൂത്രണം നടത്തി.

അടുക്കള കിഴക്കഭിമുഖമാണ്. അതിനാൽ പ്രഭാതസൂര്യന്റെ കിരണങ്ങൾ അടുക്കളയ്ക്കുള്ളിലെത്തും. അടുക്കള കുടുംബവുമായി ബന്ധിക്കപ്പെട്ടതാണ്. അത് വേലക്കാരിയെ ഉദ്ദേശിച്ചല്ല, സുലുച്ചേച്ചിയെ ഉദ്ദേശിച്ചുള്ളതാണ്. അവിടെയൊരു പ്രഭാതഭക്ഷണമേശയും ബെഡ്ഢും ഉണ്ട്. അടുക്കളയും ഭക്ഷണമേശയും ഒന്നിച്ചു വരുന്നത് നല്ലതാണ്. ഭാര്യാഭർത്താക്കന്മാർക്കിടയിൽ ആശയവിനിമയത്തിന് അവിടെ സൗകര്യമേറെയാണ്. മമ്മൂട്ടി അടുക്കളയിലിട്ട ബെഡ്ഢിൽ കിടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

അടുക്കളയിലുണ്ടാകേണ്ട മറ്റു സാധനങ്ങളെക്കുറിച്ചും ഞങ്ങൾ ചർച്ച നടത്തി.

## പണിക്കോപ്പുകൾ (മെറ്റീരിയൽസ്)

ഇഷ്ടിക പുറത്തു കാണുന്ന തരം പണിയാണ് ഞങ്ങൾ തീരുമാനിച്ചത്. മമ്മൂട്ടി തമാശയായി പറയാറുണ്ട് : ''ഞാൻ ചെലവു കുറഞ്ഞ വീടു വയ്ക്കുകയാണ്. പക്ഷേ എത്ര പണം വേണമെങ്കിലും ചെലവഴിച്ചു കൊള്ളാൻ ഞാൻ പറഞ്ഞിട്ടുണ്ട്''.

മുൻവരാന്തകൾ ഒഴിച്ചുള്ള ഭാഗങ്ങളിലെല്ലാം കേരളീയ രീതിയിൽ തറയോടാണ് നിലത്തുപയോഗിക്കുക. വാതിലുകൾ തേക്കിലാണ് തീർത്തത്; അതും പഴയ തേക്കുതടി (പൊളിച്ചുമാറ്റിയ ഒരു കെട്ടിടത്തിൽ നിന്നാണവ കിട്ടിയത്). ഷെൽഫുകളും ചുവരലമാരകളും മഹാഗണിയിൽ പണിതു.

ഉയരം കൂടുതൽ തോന്നാൻ വേണ്ടി പ്രത്യേകമായൊന്നും ചെയ്തില്ല. ചില മുറികളിൽ തറയോളമെത്തുന്ന ജനാലകൾ പണിതു.

## നിർമാണ വേള

വിശദമായ രേഖാചിത്രങ്ങളൊന്നും ഉണ്ടാക്കിയില്ല. വീടിന് വളരെയേറെ വിശദാംശങ്ങളുള്ളതിനാൽ അതിന്റെയെല്ലാം രേഖാചിത്രങ്ങളുണ്ടാക്കുക അസാധ്യമായിരുന്നു.

കെട്ടിടത്തിന്റെ ഒരു ഭാഗവും പൊളിച്ചുപണിയുകയോ അഴിച്ചുപണിയുകയോ വേണ്ടി വന്നില്ല. മമ്മൂട്ടി പല ദിവസങ്ങളിലും മൂന്നു തവണ പണിസ്ഥലത്ത് വരുമായിരുന്നു. നിർമാണത്തിന്റെ ഓരോ ഘട്ടവും കാണുകയും ഡിസൈൻ അംഗീകരിക്കുകയും ചെയ്യുമായിരുന്നു.

മരയാശാരിമാരും കല്ലാശാരിമാരും പെയിന്റർമാരും കേരളത്തിൽനിന്നുള്ളവരായിരുന്നു. അവർ പണിസ്ഥലത്തു തന്നെ ഭക്ഷണം പാകം ചെയ്തു കഴിക്കും. എത്ര താമസിച്ചാലും മമ്മൂട്ടി പണിസ്ഥലത്തു വരും. പണിക്കാരുണ്ടാക്കുന്ന കട്ടൻ കാപ്പി കുടിച്ച് അവരോടൊത്ത് ഏറെ സമയം അദ്ദേഹം ചെലവഴിക്കും. ഒരിക്കൽ ഞാൻ ചോദിച്ചു: ''എല്ലാവരും പറയുന്നത് താങ്കൾ തലക്കനമുള്ളയാളാണെന്നാണല്ലോ?'' മറുപടി ഇങ്ങനെയായിരുന്നു: ''ഞാൻ നിങ്ങളോടാരോടെങ്കിലും അങ്ങനെ പെരുമാറിയിട്ടുണ്ടോ? സിനിമാലോകം അങ്ങനെയാ''.

മമ്മൂട്ടിയിൽ ഞാൻ ശ്രദ്ധിച്ച മറ്റൊരു കാര്യമുണ്ട്. വീടിന്റെ ഡിസൈനിലും നിർമാണത്തിലും അവർ രണ്ടു പേരും തികഞ്ഞ ശ്രദ്ധ പുലർത്തിയിരുന്നു. 'നിങ്ങൾ വീടു പണിയൂ, ഞങ്ങൾ താമസത്തിനു വരാം' എന്ന മനോഭാവം തെല്ലും ഉണ്ടായിരുന്നില്ല. തീരുമാനങ്ങളെടുക്കുമ്പോൾ അവർ സജീവമായി പങ്കു കൊണ്ടു. അവർ മറ്റുള്ളവരുടെ ഉപദേശങ്ങൾക്കു ചെവികൊടുത്തില്ല. അവയ്ക്കനുസരിച്ച് തീരുമാനങ്ങൾ മാറ്റിയതുമില്ല.

മുൻ വാതിലിന്റെ കാര്യത്തിലും തീരുമാനം മമ്മൂട്ടിയുടേതായിരുന്നു: ''രണ്ടു പാളി വാതിൽ വേണം. അതിൽ മണിച്ചിത്രത്താഴുണ്ടാകണം''. ഞാൻ പല ഡിസൈനുകളും വരച്ചു. അദ്ദേഹത്തിന് ഒന്നും ഇഷ്ടമായില്ല. അവസാനം അദ്ദേഹം പറഞ്ഞു: ''രണ്ട് ആഞ്ഞിലിത്തടികൾ സംഘടിപ്പിക്കാം. പഴയ തടിയാണെങ്കിൽ ഈട്ടിത്തടി പോലെ തോന്നും. പരമ്പരാഗത കേരളീയ രീതിയിലെ വാതിലുകളുടെ ശൈലിയിലുള്ളതാകണം സൂത്രപട്ടിക എന്നേയുള്ളൂ''.

മമ്മൂട്ടിയുടെ മാനേജർ ബാബു വേണ്ട സാധനങ്ങളെല്ലാം എത്തിക്കും. പണിക്കൂലി ദിവസക്കണക്കിനായിരുന്നു. വീടുനിർമാണത്തിന് കോൺട്രാക്ടർമാരെ ഏൽപ്പിച്ചില്ല. എൻജിനീയർമാരുടെ ടീമൊന്നും ഉണ്ടായിരുന്നില്ല. തലമുതിർന്ന കല്ലാശാരി രവീന്ദ്രൻ പിള്ള പണികളുടെ മേൽനോട്ടം വഹിച്ചു. മരപ്പണികളുടെയും പെയിന്റിങ്ങിന്റെയും മേൽനോട്ടം കോയ എന്നയാൾക്കായിരുന്നു.

കോഴിക്കോട്ടെ അശോകേട്ടനാണ് ഇന്റീരിയർ ഡിസൈനിങ് ചെയ്തത്. വിശദാംശങ്ങൾ ഞങ്ങൾ കൂടെക്കൂടെ ചർച്ച ചെയ്യാറുണ്ടായിരുന്നു. മരസാധനങ്ങൾക്കു നിറം കൊടുക്കരുതെന്ന് മമ്മൂട്ടിയും ചേച്ചിയും പറഞ്ഞിരുന്നു. പ്രകൃത്യാ ഉള്ള നിറം നിലനിർത്തണമെന്ന് അവർക്കു നിർബന്ധമായിരുന്നു. ചുവരലമാരകൾക്കു പ്ലൈവുഡ് ഉപയോഗിക്കുന്നതിനോടും അവർക്ക് എതിർപ്പായിരുന്നു. ഉൾഭാഗത്തെ വേർതിരിവുകൾക്കായി മാത്രമേ പ്ലൈവുഡ് ഉപയോഗിച്ചുള്ളൂ. പുറംപണികൾക്ക് മഹാഗണി ഉപയോഗിച്ചു.



വീട്ടുപകരണങ്ങൾ തിരഞ്ഞെടുത്തത് സുലുച്ചേച്ചിയാണ്. അവർക്ക് അപ്പോൾ തന്നെ കുറേ പഴയ വീട്ടു സാമാനങ്ങൾ ഉണ്ടായിരുന്നു. അവയും പുതിയ രീതിയിൽ ഉപയോഗിച്ചു. വീടുപണി നടന്നു കൊണ്ടിരുന്നപ്പോൾ തന്നെ പല വീട്ടുപകരണങ്ങളും വാങ്ങിയിരുന്നു. വീട്ടിലെവിടെയെങ്കിലും ഉപയോഗിക്കാൻ പറ്റുന്ന സാധനങ്ങളേ സുലുച്ചേച്ചി വാങ്ങൂ. കെട്ടിടം വീടായി മാറിയത് അവരുടെ ശേഖരത്തിലെ സാധനങ്ങളെത്തിയപ്പോഴാണ്. നിറങ്ങളും കർട്ടനുകളും ബാത്ത്റൂമിന്റെ ഡിസൈനുമെല്ലാം ചേച്ചിയുടെ ആശയമനുസരിച്ചായിരുന്നു.

## നിർമാണത്തിനു ശേഷം

മമ്മൂട്ടിക്ക് വീടിനോട് വല്ലാത്ത അടുപ്പമാണ്. വീട്ടിൽ കൂടുതൽ സമയം ചെലവഴിക്കാനും വീടിന്റെ വിവിധ സ്ഥലങ്ങളിൽ വെറുതെയിരിക്കാനും തനിക്കിഷ്ടമാണെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. സമയമുള്ളപ്പോൾ വീടിന്റെ ചുറ്റുവട്ടത്തിലൂടെ മറ്റുള്ളവരെയും കൂട്ടി നടക്കാൻ അദ്ദേഹത്തിന് ഇഷ്ടമാണ്. കുറച്ചു വർഷങ്ങൾ കഴിഞ്ഞു ഞാൻ ചെന്നൈയിലേക്കു പ്രവർത്തനം മാറ്റി. പിന്നീട് എന്റെ പല കക്ഷികൾക്കും അദ്ദേഹത്തിന്റെ വീടു ഞാൻ കാണിച്ചു കൊടുത്തിട്ടുണ്ട്.



വീടുപണി തീർന്നപ്പോൾ എന്നെയും കുടുംബത്തെയും മമ്മൂട്ടി ചെന്നൈയിലേക്കു ക്ഷണിച്ചു. അപ്പോൾ ഞങ്ങൾ കോട്ടയത്തായിരുന്നു താമസം. ഒരു ദിവസം സായാഹ്നത്തിൽ ഞങ്ങൾ ചെന്നൈയിലെത്തി. ഹോട്ടലിൽ ഞാൻ മുറി ബുക്ക് ചെയ്തിരുന്നു. പക്ഷേ മമ്മൂട്ടി പറഞ്ഞു: ''നിങ്ങൾ എന്റെ വീട്ടിൽ താമസിക്കണം. നിങ്ങൾക്കിവിടെ താമസിക്കാൻ ബുദ്ധിമുട്ടോ അസൗകര്യമോ ഉണ്ടെങ്കിൽമാത്രം ഹോട്ടലിൽ താമസിച്ചാൽ മതി''. ആ അപൂർവ്വാവസരം ഞാൻ പാഴാക്കിയില്ല.

**പരിഭാഷ: രമ്യ എസ്.**

**ബെന്നി കുര്യാക്കോസ്**
വേദിക, ഫസ്റ്റ് ഫ്ളോർ,
19–വസന്ത അവന്യൂ, എം.ആർ.സി നഗർ,
ആർ.എ. പുരം, ചെന്നൈ–600028